ജില്ലാ മെഡിക്കൽ ആഫീസറുടെ (ആരോഗ്യം) കാര്യാലയം,
കുയിലിമല, പൈനാവ്.പി.ഒ., ഇടുക്കി പിൻ-685603
ഫോൺ നം. 04862 233030 ഇ.മെയിൽ: dmohik@gmail.com

// രജിസ്റ്റേർഡ് കത്ത്/കൈപ്പറ്റ് രസീത് സഹിതം //

നമ്പർ എ5-14744/2023 തീയതി 13.12.2023.

## കുറ്റാരോപണ മെമ്മോ

**ശ്രീമതി.നിത.എസ്.എൻ., ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-II** കുടുംബാരോഗ്യ കേന്ദ്രം, വാഴത്തോപ്പിന്റെ പേരിലുള്ള കുറ്റാരോപണം.

**ശ്രീമതി.നിത.എസ്.എൻ., ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-II** എന്ന താങ്കൾ വാഴത്തോപ്പ് കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്തു വരവെ **05.01.2023 മുതൽ** ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതു വഴി സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധമായ പ്രവൃത്തി, ഔദ്യോഗിക സ്വഭാവ ദൂഷ്യം, കടുത്ത അച്ചടക്ക ലംഘനം എന്നീ കുറ്റങ്ങൾ ചെയ്തിരിക്കയാൽ 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം ഉദ്ദേശിച്ചിട്ടുള്ള തരത്തിൽ താങ്കൾക്കെതിരെ അച്ചടക്കനടപടി എടുക്കാതിരിക്കുന്നതിന് എന്തെങ്കിലും കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊള്ളുന്നു. എതിർവാദങ്ങളടങ്ങിയ താങ്കളുടെ വിവര പത്രിക സമർപ്പിക്കുന്നതിന് ഈ അറിയിപ്പ് കിട്ടുന്ന തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾ (15) താങ്കൾക്ക് അനുവദിച്ചിരിക്കുന്നു. അത്തരം ഒരു വിവര പത്രിക പ്രസ്തുത കാലാവധിയ്ക്കകം ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് എതിർ വാദങ്ങളൊന്നും നൽകാനില്ലെന്ന നിഗമനത്തിൽ നടപടി മുന്നോട്ട് പോകുന്നതാണ്. താങ്കൾ നേരിൽ എന്തെങ്കിലും ബോധിപ്പിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ആ വിവരവും അറിയിക്കേണ്ടതാണ്. ആരോപണ പത്രികയിൽ പറഞ്ഞിരിക്കുന്ന ആരോപണങ്ങൾ സംബന്ധിച്ച രേഖകൾ നേരിൽ കാണുന്നതിനും ആയവ ജില്ലാ മെഡിക്കൽ ആഫീസറുടെ സാന്നിദ്ധ്യത്തിൽ കുറിച്ചെടുക്കുന്നതിനും താങ്കൾക്ക് രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്. ആയതിലേക്ക് വിവര പത്രിക സമർപ്പിക്കുന്നതിന് നിശ്ചിത തീയതിക്ക് മുമ്പ് മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. മേൽപറഞ്ഞ കുറ്റത്തിന് അടിസ്ഥാനമായ ആരോപണങ്ങളുടെ ഒരു പത്രിക ഇതോടൊപ്പം ചേർത്തിരിക്കുന്നു.

(മറുപുറം)

## കുറ്റാരോപണ പത്രിക

ശ്രീമതി.നിത.എസ്.എൻ., ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-II എന്ന താങ്കൾ വാഴത്തോപ്പ് കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്തു വരവെ 29.08.2022 ൽ 5 വർഷത്തെ ശൂന്യവേതനാവധിക്ക് അപേക്ഷിക്കുകയും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് അവധി നൽകാൻ കഴിയില്ലായെന്ന് അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ വിവരം തപാൽ മുഖേന രജിസ്റ്റേർഡ് ആയി മെഡിക്കൽ ആഫീസർ അറിയിച്ചെങ്കിലും തപാൽ കൈപ്പറ്റാതെ തിരികെ എത്തിയിട്ടുള്ളതാണ്. 12.09.2022 മുതൽ 04.01.2023 വരെ 120 ദിവസം ശൂന്യവേതനാവധി എടുത്തതിനു ശേഷം 05.01.2023 ൽ തിരികെ ജോലിയിൽ പ്രവേശിക്കുകയോ അവധി അപേക്ഷ നൽകുകയോ ചെയ്തിട്ടില്ലാത്തതായി വാഴത്തോപ്പ് കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ആഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. താങ്കളുടെ മേൽ പ്രവൃത്തി സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധവും ഔദ്യോഗിക സ്വഭാവ ദൂഷ്യവും അച്ചടക്കലംഘനവും കടുത്ത ശിക്ഷ അർഹിക്കുന്ന കുറ്റവുമാണ്. ആകയാൽ താങ്കൾക്കെതിരെ അച്ചടക്ക നടപടി എടുക്കാൻ കാരണമാകുന്നു. ആയതിനാൽ കുറ്റപത്രം നൽകുന്നു.

ഡോ. മനോജ്.എൽ.,
ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം,
ഇടുക്കി.
ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
ഇടുക്കി

സ്വീകർത്താവ്
ശ്രീമതി.നിത.എസ്.എൻ.,
ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-II,
കുടുംബാരോഗ്യ കേന്ദ്രം, വാഴത്തോപ്പ്. (സ്ഥാപന മേധാവി മുഖേന)

പകർപ്പ്;-

1. മെഡിക്കൽ ആഫീസർ,
   കുടുംബാരോഗ്യ കേന്ദ്രം, വാഴത്തോപ്പ് (2 പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒന്നിൽ കുറ്റാരോപിതയുടെ തീയതിയോടുകൂടിയ കൈയ്യൊപ്പ് സഹിതം (കൈപ്പറ്റ് പകർപ്പ്) തിരികെ ലഭ്യമാക്കേണ്ടതാണ്.)
2. എ3 സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ

കെ.1/13.12.23